# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2** — **23.01.2018-ൽ മറുപടിക്ക്**

**എൽ ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി**

**ചോദ്യം**

ശ്രീ. ജി.എസ്.ജയലാൽ

**ഉത്തരം**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 218/2013 ആയുള്ള എൽ ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | 30.03.2018-ന് 3 വർഷ കാലാവധി പൂർത്തിയാകും |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ നടന്ന നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മുൻ സർക്കാർ കഴിഞ്ഞ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ അവസാനകാലത്ത് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തിയതിനാൽ, ആദ്യത്തെ 5 മാസത്തെ ഒഴിവുകൾ ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നഷ്ടമായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | മുൻ സർക്കാർ, 21.03.2015-ൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനു വേണ്ടി, 2015 മാർച്ച് 30-നകം വിവിധ വകുപ്പുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന 2015 ഏപ്രിൽ , മേയ്, ജൂൺ എന്നീ 3 മാസത്തെ പ്രതീക്ഷിത എൽ.ഡി.ക്ലാർക്ക് ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനും എണ്ണം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകളിലേയ്ക്ക് യഥാർത്ഥത്തിൽ ഒഴിവു വരുന്ന തീയതിയ്ക്കു ശേഷം മാത്രം നിയമനം നടത്തുവാനും നിയമനം നടക്കുന്ന മുറയ്ക്ക് സൂപ്പർ ന്യൂമററി |

| | | | |
|---|---|---|---|
| | | | തസ്തിക ഇല്ലാതാകുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും 21.03.2015-ലെ സ.ഉ.(അ)13/2015/ഉഭപേവ മുഖേന നിർദ്ദേശം നല്കിയിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ ശിപാർശ പ്രകാരം 6 മാസം കൂടി നീട്ടാൻ പി.എസ്.സി. തീരുമാനിച്ചിരുന്നെങ്കിലും പുതിയ എൽ.ഡി.സി.(വിവിധം) റാങ്ക് ലിസ്റ്റ് 2015 ഏപ്രിൽ 1-ന് നിലവിൽ വന്ന സാഹചര്യത്തിൽ 2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.03.2015-ന് അവസാനിച്ചിരുന്നു. അതിനാൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആദ്യ 3 മാസത്തെ ഒഴിവുകളിൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയ ലിസ്റ്റിൽ നിന്ന് നിയമനം നടന്നിട്ടുള്ളതാണ്. പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16.08.2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/ P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ |

| | | | |
|---|---|---|---|
| | | | യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധി കാരികൾക്കും 13.12.2017-ലെ ഉപസി3/ 428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | ജില്ല | നിയമന ശിപാർശ |
|---|---|---|
| 1 | തിരുവനന്തപുരം | 1096 |
| 2 | കൊല്ലം | 626 |
| 3 | പത്തനംതിട്ട | 433 |
| 4 | ആലപ്പുഴ | 576 |
| 5 | കോട്ടയം | 542 |
| 6 | ഇടുക്കി | 499 |
| 7 | എറണാകുളം | 785 |
| 8 | തൃശ്ശൂർ | 857 |
| 9 | പാലക്കാട് | 710 |
| 10 | മലപ്പുറം | 819 |
| 11 | കോഴിക്കോട് | 782 |
| 12 | വയനാട് | 282 |
| 13 | കണ്ണൂർ | 618 |
| 14 | കാസറഗോഡ് | 396 |

Ranjith A R
സെക്ഷൻ ഓഫീസർ